


School Code : 33052

# ആമുഖം

ചെങ്ങളം ഗവൺമെന്റ് ഹൈസ്കൂളിലെ ഐടി ക്ലബ്ബായ ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ ആണ് "EduTech". ലിറ്റിൽകൈറ്റ്സ് അംഗങ്ങളുടെ കലാസാഹിത്യ വാസനകൾക്ക് ഡിജിറ്റൽ ഭാവം നൽകാൻ "EduTech" എന്ന ഞങ്ങളുടെ ഈ മാഗസിന് സാധിച്ചു എന്ന വിശ്വാസത്തോടെ...

കോട്ടയം ജില്ലയിലെ
കോട്ടയം   വിദ്യാഭ്യാസ ജില്ലയിൽ
കോട്ടയം വെസ്റ്റ്  ഉപജില്ലയിലെ
ചെങ്ങളം എന്ന ഗ്രാമത്തിലെ  ഒരു
സർക്കാർ വിദ്യാലയമാണ്
ഗവ.എച്ച്.എസ്സ്.ചെങ്ങളം



# ആശംസകൾ

വിവര വിനിമയ സാങ്കേതിക വിദ്യയുടെ അനന്ത വിഹായസിലേക്ക് വിദ്യാർഥികളെ കൈപിടിച്ച് ഉയർത്തുന്ന" ലിറ്റിൽ കൈറ്റ്സ്" ജി എച്ച് എസ് എസ് ചെങ്ങളം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു. അതിയായ അഭിമാനകരവും വളരെ സന്തോഷപ്രദവുമായ ദൗത്യമാണ്. ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ, കൈറ്റ് മാസ്റ്റർ, കൈറ്റ് മിസ്ട്രസ് എന്നിവരുടെ പ്രവർത്തനത്തിലൂടെ തയ്യാറാക്കിയ മാഗസിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു...



**ആശംസകളോടെ...**
**ഷീജ പി**
**ഹെഡ്മിസ്ട്രസ്**
**ജി.എച്ച് .എസ്സ് ചെങ്ങളം**

# ആശംസകൾ



വാക്കുകൾക്കപ്പുറം,
വരകൾക്കപ്പുറം.....
അറിവിന്റെ നൂതന
സങ്കേതങ്ങൾ തേടി
യാത്ര തുടരുക.....
ലോകം വിരൽത്തുമ്പിൽ ആയാൽ
തീർക്കാം മറ്റൊരു വർണ്ണ ലോകം!!
വിജ്ഞാനത്തിൻ ലോകം !!

ആശംസകളോടെ.....
ഷീജ ടീച്ചർ

# ചേച്ചിയും അനിയനും

ഒരിടത്ത് ഒരു പെൺകുട്ടി ഉണ്ടായിരുന്നു.അവളുടെ പേരാണ് മാളു. മാളുവിന്റെ അനിയനാണ് മനു. അച്ഛനും അമ്മയ്ക്കും മാളുവിനോടുള്ള സ്നേഹം കുറഞ്ഞതായി അവൾക്ക് തോന്നി. ഒരു ദിവസം അവളുടെ അച്ഛൻ മിഠായി വാങ്ങി കൊണ്ടുവന്നു. അനിയന് കൊടുത്തു.മാളു അവൾക്കും അത് ആവശ്യപ്പെട്ടപ്പോൾ അച്ഛൻ പറഞ്ഞു അത് ഒരെണ്ണമേ ഉള്ളൂ, മനു അത് എടുത്തോട്ടെ. അപ്പോൾ മാളു പറഞ്ഞു ഇവൻ വന്നതോടെ നിങ്ങൾക്ക് എന്നോടുള്ള ഇഷ്ടം ഇല്ലാതായി. അവൾ അതും പറഞ്ഞു മുറിയിലേക്ക് കയറി പോയി. അവളുടെ മനസ്സിൽ അനുജനോട് ദേഷ്യം തോന്നി.അവനുള്ളതുകൊണ്ടല്ലേ എനിക്കും മിഠായി കിട്ടാതെ പോയത് അവൾ മനസ്സിൽ ചിന്തിച്ചു.അടുത്തദിവസം മനുവിനെ മാളുവിന്റെ അടുത്ത് നോക്കാൻ ഏൽപ്പിച്ച അച്ഛനും അമ്മയും പുറത്തുപോയി.കുറച്ചു കഴിഞ്ഞപ്പോൾ മനുവിന് വിശക്കാൻ തുടങ്ങി. അവൻ മാളുവിനോട് ഭക്ഷണം ആവശ്യപ്പെട്ടു പക്ഷേ അവൾ കൊടുത്തില്ല. വിശപ്പ് സഹിക്കാനാവാതെ മനു കരയാൻ തുടങ്ങി.കുറച്ചുകഴിഞ്ഞ് വീട്ടുകാർ വന്നപ്പോൾ മനു കരയുന്നത് കണ്ടു. കാരണം ചോദിച്ചപ്പോൾ ചേച്ചി തനിക്ക് ഭക്ഷണം തന്നില്ലെന്ന് മനു പറഞ്ഞു.വീട്ടുകാർ മാളുവിനെ വിളിച്ച് കാര്യം ചോദിച്ചപ്പോൾ അവൾ പറഞ്ഞു ഇന്നലെ അച്ഛൻ അവന് മാത്രമല്ല മിഠായി കൊടുത്തുള്ളൂ അതുകൊണ്ടാ ഞാൻ അവനെ ഭക്ഷണം കൊടുക്കാഞ്ഞത്. അച്ഛൻ പറഞ്ഞു അത് ഒരെണ്ണം അല്ലേ ഉണ്ടായിരുന്നുള്ളൂ അതുകൊണ്ടല്ലേ അവനു മാത്രം കൊടുത്തത്. അവൻ നിന്റെ അനിയൻ അല്ലേ മാളു. അച്ഛന്റെ ദേഷ്യപ്പെട്ടു മാളു പശ്ചാത്താപത്തോടെ ക്ഷമ ചോദിച്ചു.വാങ്ങിയുള്ളൂ.ഇനി ഞാനെന്തു വാങ്ങിയാലും രണ്ടെണ്ണം വാങ്ങാം.അങ്ങനെ മാളുവിന്റെ പിണക്കം മാറി അവൾ സന്തോഷവതിയായി....

**അൻസിയ ഫാത്തിമ**



# മൂന്ന് "L" കളുടെ നാട്

കേരള സംസ്ഥാനത്ത് ഒരു ജില്ലയാണ് കോട്ടയം. മൂന്ന് L-കളുടെ പേരിൽ പ്രസിദ്ധമാണ് കോട്ടയം.ലാൻഡ് ഓഫ് ലെറ്റേഴ്സ്, ലാറ്റിക്സ്,ലേക്സ് (Land of letters,latex,lakes) എന്നാണ് കോട്ടയത്തെ വിശേഷിപ്പിക്കുന്നത്.കോട്ടയത്ത് നിന്നും പ്രസിദ്ധീകരിക്കപ്പെടുന്ന പത്രങ്ങളും കോട്ടയത്തുകാരുടെ റബർ കൃഷിയും ഇവിടുത്തെ തടാകങ്ങളുമാണ് ഈ വിശേഷണത്തിന് അടിസ്ഥാനം. ഇന്ത്യയിൽ ആദ്യമായി സമ്പൂർണ്ണ സാക്ഷരത നേടിയ നഗരം കോട്ടയം നഗരമാണ്.കൂടാതെ കേരളത്തിലെ ആദ്യത്തെ പ്രസായ സിഎംഎസ് പ്രസ് കോട്ടയത്താണ് സ്ഥിതി ചെയ്യുന്നത്. കേരളത്തിലെ ആദ്യത്തെ കോളേജ് ആയ സിഎംഎസ് കോളജും കോട്ടയത്താണ് സ്ഥിതി ചെയ്യുന്നത്.

വിനോദസഞ്ചാരികAളുടെ ഒരു ഇഷ്ടപ്രദേശം കൂടിയാണ് കോട്ടയം. കുമരകം, വാഗമൺ,വേമ്പനാട്ടുകായൽ,ഇലവീഴാപൂഞ്ചിറ, മലരിക്കൽ,അരുവിക്കുഴി വെള്ളച്ചാട്ടം, ഇല്ലിക്കൽ കല്ല് തുടങ്ങിയവ കോട്ടയത്തെ പ്രധാന വിനോദസഞ്ചാരകേന്ദ്രങ്ങൾ ആണ്.

മലയാളം മാധ്യമ രംഗത്ത് കോട്ടയത്തിന് ഒരു പ്രധാന സ്ഥാനമുണ്ട്.മലയാളത്തിലെ ഏറ്റവും പഴക്കമേറിയ ദിനപത്രങ്ങളായ ദീപികയും മലയാള മനോരമയും പ്രസിദ്ധീകരിക്കുന്നത് കോട്ടയത്ത് നിന്നാണ്.

ഇന്ത്യയിലെ ആദ്യത്തെ ഉൾനാടൻ ചെറുതുറമുഖം എന്ന വിശേഷണത്തോടെ കോട്ടയം ജില്ലയിലെ നാട്ടകം തുറമുഖം 2009 ഓഗസ്റ്റിൽ രാജ്യത്തിന് സമർപ്പിക്കപ്പെട്ടു..

പണ്ടത്തെ മദ്ധ്യ തിരുവിതാംകൂറിനോട് ചേർന്ന ഭാഗമാണ് കോട്ടയം. അക്ഷരനഗരി എന്ന അപരനാമത്തിലും കോട്ടയം അറിയപ്പെടാറുണ്ട്..

**ജിയാ മോൾ ജോസഫ്**



## പൂമ്പാറ്റകൾ ഞങ്ങൾ

അക്ഷരമുറ്റത്തെ പൂമ്പാറ്റകൾ ഞങ്ങൾ
വിദ്യയാം തേനുണ്ണുവാൻ എത്തി ഈ കൂട്ടിൽ
ഒന്നിച്ചൊരുമിച്ച് കൂട്ടായി ചേർന്നു
എല്ലാ ഹൃദയവും ഒന്നായി ചേർന്നു
പിരിയുവാൻ വയ്യാത്ത കൂട്ടുകാർ ഞങ്ങൾ പക്ഷേ,പിരിയണം
എന്നത് കാലത്തിൻ നീതി
മറക്കില്ല കൂട്ടിലെ കളിച്ചിരികൾ ഒന്നും
നെഞ്ചിലെ മിടിപ്പുകൾ നിൽക്കുന്നവരെയും
കൂടണം,കാണണം എന്നെങ്കിലും പിന്നെ
ഓർമ്മകൾ തേൻതുള്ളിയായി പെയ്യുമീ കൂട്ടിൽ...

**ഫാത്തിമ നസ്രിൻ**



# ഇടുക്കി

1972 ജനുവരി 26നാണ് ഇടുക്കി ജില്ല രൂപം കൊണ്ടത്.മലയോര ജില്ലയായ ഇടുക്കി മനോഹരമായ മലനിരകളാലും നബിയുടെ വനങ്ങളാലും സമൃദ്ധമാണ്. കേരള ജനതയെ സംബന്ധിച്ചിടത്തോളം ഇടുക്കി വൈദ്യുതിയുടെ കലവറയാണ്. സംസ്ഥാനത്തിന്റെ ഊർജ്ജ ആവശ്യങ്ങളുടെ 66% ത്തോളം ഇടുക്കിയിലെ വിവിധ ജലവൈദ്യുത പദ്ധതികളിൽ നിന്നാണ് ഉല്പാദിപ്പിക്കുന്നത്.

കേരളത്തിന്റെ പശ്ചിമഘട്ടത്തിൽ സ്ഥിതി ചെയ്യുന്ന ഇടുക്കി സംസ്ഥാനത്തെ ഏറ്റവും വലിയ ജില്ല കൂടിയാണ്.പക്ഷേ ജനസാന്ദ്രതയുടെ കാര്യത്തിൽ ഏറ്റവും പിന്നിലാണ്. ഇടുക്കിയുടെ ഭൂരിഭാഗം പ്രദേശങ്ങളും വനഭൂമിയാണ്.നഗരപ്രദേശങ്ങളിൽ ജനസാന്ദ്രത കൂടുതലാണെങ്കിലും ഭൂരിഭാഗം വരുന്ന ഗ്രാമങ്ങളിൽ ജനസാന്ദ്രത വളരെ കുറവാണ്. ഇടുക്കി കേരളത്തിന്റെ സുഗന്ധദ്രവ്യങ്ങളുടെ കലവറയാണ്.പ്രകൃതിരമണീയമായ ഇടുക്കിയിൽ ദിവസവും ആയിരക്കണക്കിന് വിനോദസഞ്ചാരികളാണ് അവിടുത്തെ ഭംഗി ആസ്വദിക്കാനായി എത്തുന്നത്. നിരവധി ദേശീയോദ്യാനങ്ങൾ ഇടുക്കിയിൽ സ്ഥിതി ചെയ്യുന്നുണ്ട്..

**അയോണ ബിജു**



# കുഞ്ഞിക്കിളി

കുഞ്ഞി കിളിയെ ഉണരു
കുഞ്ഞി കുഞ്ഞി കിളിയെ ഉണരു
തങ്ക സൂര്യൻ വന്നുദിച്ചു
രാവ് പുലർന്നു
കുഞ്ഞിക്കിളിയെ ഉണരു
കുഞ്ഞി കുഞ്ഞി കിളിയെ ഉണരു
നിൻ സ്വര മന്ത്രം കേൾക്കാൻ
ആകാശവും ഭൂമിയും കാത്തിരിക്കുന്നു
കുഞ്ഞി കിളിയെ ഉണരു
കുഞ്ഞി കുഞ്ഞി കിളിയെ ഉണരു
വേഗം വേഗം ഉണരു
കുഞ്ഞി കിളിയെ ഉണരു
കുഞ്ഞിക്കിളിയെ ഉണരു
കുഞ്ഞി കുഞ്ഞി കിളിയെ ഉണരു

സ്വാതിക കെ എസ്സ്



# എന്റെ സ്കൂൾ

എന്റെ സ്കൂളിൽ ഞാൻ മഴയായ് വിരിയുന്നു,
കുടിയൻകാലത്തെ നിറഞ്ഞ വരമ്പുകളും നിറയുന്നു,
പഠിപ്പിക്കുന്ന നാളുകൾ കൊണ്ടു നീലവും കോമളവും,
സ്നേഹം തെളിയിച്ച സുഹൃത്തുക്കളും മെത്തയും,
സ്കൂളിൽ ഞാൻ ഒരു മാധുര്യം അനുഭവിക്കുന്നു,
ജീവിതത്തിൽ ഒരു അനുഭവത്തിന്റെ പൂർണ്ണത സ്കൂളിൽ
ഞാൻ കണ്ടുപഠിച്ചു.

ശ്രീരഞ്ജിത് കെ പി






AYONA BIJU
Standard VIII






SIJINA FATHIMA
Standard IX



# പ്രകൃതി

പ്രകൃതി നീ എത്ര മനോഹരി
ശാന്തയാം പ്രകൃതി എത്ര മനോഹരി
നിൻ പച്ചപ്പും വൃക്ഷങ്ങളും
കിളികളുടെ കളകള നാദവും
അരുവിയും പൂക്കളും കാറ്റേ നിന്നെ കൂടുതൽ
മനോഹരിയാക്കുന്നു
പ്രകൃതി നീ വികൃതി കാട്ടരുതേ
വേനലും പേമാരിയും
വെള്ളപ്പൊക്കവും ഉരുൾപൊട്ടലും
നിന്റെ ഭംഗിയെ നഷ്ടമാക്കും
പ്രകൃതിയുടെ മക്കളാം നമ്മൾ
പ്രകൃതിയെ ദ്രോഹിക്കരുതേ
നമുക്ക് പ്രകൃതിയെ സ്നേഹിച്ചിടാം
പ്രകൃതിയെ കൂടുതൽ ഭംഗിയാക്കാം...



കീർത്തന രാജ്

# ജീവിതയാത്ര

ജീവിതം ആദ്യം ഒരു ചെറു പുഴയാണ്
പുഴ വലുതാകും
അത് നദിയാകും
നദി നീല മുന്നോട്ട് ഒരു യാത്ര
വലിയൊരു യാത്ര...
യാത്രയ്ക്കിടയിൽ ചുമക്കാൻ
ഒരുപാട് ഭാരങ്ങൾ ഉണ്ട്..
ഭാരങ്ങളുമായി നീങ്ങുന്ന ജീവിതം ഒടുവിൽ
കടലിൽ എത്തുന്നതാണ്
അങ്ങനെ കടലിൽ എത്തുന്നതിനു മുൻപായി
ആ പുഴയാകുന്ന ജീവിതം നമുക്ക്
ആസ്വദിക്കാം



അയന രാജീവ്

# THANKS . . .

"We extend our heartfelt thanks to all contributors, writers, designers, and everyone else who made this magazine possible. Your hard work and dedication are truly appreciated."

JIMMY GEORGE
Kite Master



BABITHA MERIN JOHN
KIte Mistress

